# GOOD WORKS DONE – 2022

- **സൈബർ ക്രൈം തട്ടിപ്പ്**

  ഒന്നരക്കോടി രൂപ മൂല്യമുള്ള ക്രിപ്റ്റോ കറൻസി തട്ടിപ്പിലൂടെ കവർന്ന കേസിലെ പ്രതി പിടിയിൽ



ഒന്നരക്കോടി രൂപ മൂല്യമുള്ള ക്രിപ്റ്റോ കറൻസി അക്കൗണ്ട് തട്ടിച്ച് പണം കവർന്ന യൂസുഫ് വട്ടപ്പറമ്പൻ, ഭൂതാനം കോളനി, പോത്തുകൽ എന്നയാളെ 15.01.2022 തിയ്യതി മലപ്പുറത്തു വെച്ച് മലപ്പുറം സൈബർ പോലീസ് അറസ്റ്റ് ചെയ്തു.

***

- ഒറ്റമൂലി രഹസ്യം നൽകാത്തതിന് ചികിത്സകനെ തടങ്കലിൽ വെച്ച് മർദ്ധിച്ച് കൊലപ്പെടുത്തി വെട്ടിനുറുക്കി പുഴയിലെറിഞ്ഞ പ്രതി പിടിയിലായി. കൊലക്കേസ് തെളിഞ്ഞത് ഒന്നരവർഷത്തെ അന്വേഷണത്തിലൂടെ



മൈസൂർ സ്വദേശിയും പാരമ്പര്യ ചികിത്സാ വൈദ്യനുമായ ഷാബാ ശരീഫിനെ തട്ടികൊണ്ടുവന്ന് മൂലക്കുരു ചികിത്സക്കുള്ള ഒറ്റമൂലി പറഞ്ഞു തരാൻ ആവശ്യപ്പെട്ട് ഒന്നേകാൽ വർഷത്തോളം പുറംലോകമറിയാതെ തടവിൽ പാർപ്പിച്ച് ക്രൂരമായി പീഡിപ്പിച്ച് കൊലപ്പെടുത്തുകയും ശേഷം വെട്ടിനുറുക്കി ചാലിയാർ പുഴയിലേക്കെറിയുകയുമായിരുന്നു. ഒറ്റമുലിയെക്കുറിച്ചു മനസിലാക്കി കേരളത്തിൽ മരുന്ന് വ്യാപാരം നടത്തി പണം സമ്പാദിക്കുക എന്നതായിരുന്നു പ്രതിയുടെ ലക്ഷ്യം.

***

- **4.6 കോടി രൂപയുടെ കുഴൽപ്പണം പിടികൂടി.**



വാഹന പരിശോധനയ്ക്കിടെ പെരിന്തൽമണ്ണയിൽ വച്ച് കോഴിക്കോട് താമരശേരി സ്വദേശികളായ ചൂണ്ടയിൽ ഫിദ ഫഹദ്, രാരോത്ത് പരപ്പൻപൊയിൽ അഹമ്മദ് അനീസ് എന്നിവരെയാണ് കസ്റ്റഡിയിൽ എടുത്തത്. കാറിൽ രഹസ്യ അറ ഉണ്ടാക്കി അതിൽ ഒളിപ്പിച്ചായിരുന്നു പണം കടത്താൻ ശ്രമിച്ചത്.

***



- 2022 വർഷത്തിൽ കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളം വഴി കസ്റ്റംസ് പരിശോധന വെട്ടിച്ചു അനധികൃതമായി സ്വർണം കടത്തികൊണ്ടു പോകുന്നതുമായി ബന്ധപ്പെട്ടു വിവിധ കേസുകളിൽ നിന്നായി ഏകദേശം 73.80425 കിലോഗ്രാം തൂക്കവും 382208500 രൂപ മൂല്യം വരുന്നതുമായ സ്വർണം മലപ്പുറം ജില്ലാ പോലീസ് പിടിച്ചെടുത്തു.

***